# വാർഷിക റിപ്പോർട്ട് 2008-2009

1) കമ്മീഷന്റെ ഭരണഘടന

പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും പട്ടികയിൽ ഏതെങ്കിലും മറ്റു പിന്നാക്ക വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞുപോയെന്നോ ഉള്ള പരാതിയിൽ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് ഉപദേശം സർക്കാരിനു നൽകുന്നതിനും വേണ്ടി 1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് പ്രകാരം (1993-ലെ ആക്ട് 11) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളതാണ്. അനുബന്ധം I ആയി ആക്ട് ഉൾപ്പെടുത്തിയിരിക്കുന്നു. ഈ നിയമത്തിന് ഒരു ഭേദഗതി 2000-ലെ ആക്ട് 10 അനുസരിച്ച് വരുത്തിയിട്ടുള്ളതും ആയത് 18.01.2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. ( അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

2) കമ്മീഷന്റെ ഘടന

ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ ആയിരുന്ന വ്യക്തിയും, കമ്മീഷന്റെ മെമ്പർ സെക്രട്ടറി പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും. രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവർ എന്നതുമാണ്.

3) കമ്മീഷന്റെ അദ്ധ്യക്ഷനായി ജസ്റ്റിസ് ജി. ശിവരാജൻ റിപ്പോർട്ടു വർഷം കമ്മീഷൻ ചെയർമാനായി സേവനമനുഷ്ഠിച്ചു വരുന്നു.

അഡ്വ. അബ്ദുൽ സലാം ഐ.ആർ.എസ് (റിട്ട) കമ്മീഷന്റെ മെമ്പർ ആയി റിപ്പോർട്ടു വർഷം 17.02.2008 വരെ പ്രവർത്തിച്ചു. 10.04.2008 മുതൽ ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സക്കാഫി കമ്മീഷൻ മെമ്പറായി ചുമതലയേറ്റ് തുടർന്നു വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുധാകരൻ. ഐ.എ.എസ് കമ്മീഷൻ മെമ്പർ സെക്രട്ടറിയായി 31.01.2009 വരെയും തുടർന്ന് ശ്രീ. വി.ആർ. പത്മനാഭൻ ഐ.എ.എസ് മെമ്പർ സെക്രട്ടറിയായി ചുമതല നിർവഹിച്ചു വരുന്നു.

4) <u>അധീകാരങ്ങളും ജീവനക്കാരും</u>

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5 വകുപ്പ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. സർക്കാർ അഡീഷണൽ സെക്രട്ടറി ശ്രീമതി. വാസന്തി കമ്മീഷന്റെ രജിസ്ട്രാർ ആയി റിപ്പോർട്ടു വർഷം സേവനമനുഷ്ഠിച്ചു.

5) <u>ധനം</u>

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി കമ്മീഷനു നൽകുന്നു.

2008-2009 സാമ്പത്തിക വർഷത്തിൽ കമ്മിഷൻ സർക്കാരിനോട് 79,23,000/- രൂപ സഹായധനമായി ആവശ്യപ്പെട്ടിരുന്നു. ബഡ്ജറ്റ് എസ്റ്റിമേന്റിൽ 66,00,000/- രൂപ സർക്കാർ കമ്മീഷനു സഹായ ധനമായി വകകൊള്ളിച്ചിരുന്നു. ടി തുകയിൽ നിന്നും ഗഡുക്കളായി അനുവദിച്ച 49,00,000/- രൂപ കമ്മീഷന്റെ ചുമതലപ്പെട്ട ആവശ്യങ്ങൾക്കായി ചെലവഴിച്ചു. ബാക്കി 17,00,000/- രൂപ സർക്കാരിലേക്ക് യഥാസമയം സറണ്ടർ ചെയ്തു.

6) <u>കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും</u>

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ് ഇന്ത്യൻ കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ തീരുമാന പ്രകാരം ഓരോ കാലയളവിലും ആഡിറ്റ് നടത്തി വരുന്നു. 2008-09 -ലെ ആഡിറ്റ് കേരള അക്കൗണ്ടന്റു ജനറൽ ഓഫീസ്സിൽ നിന്നും തൃശ്ശൂർ വിഭാഗം നടത്തുകയുണ്ടായി.

7) <u>കമ്മീഷന്റെ ആസ്ഥാനം</u>

കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരത്തു് പ്ലാമൂട് ഹൈറോഡിൽ വാടക കെട്ടിടത്തിൽ 1993 മുതൽ പ്രവർത്തിച്ചു വരുന്നു.

8) പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

റിപ്പോർട്ടു് വർഷം കമ്മീഷന് 48 അപേക്ഷകൾ ലഭിച്ചു. അവയുടെ ലിസ്റ്റു് അനുബന്ധം കകക ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അപേക്ഷകളിൽ 12 എണ്ണം കമ്മീഷന്റെ പരിധിയിൽപ്പെടുന്നതല്ല. ആ വിവരം സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ട്. കെ.എസ്.സി.ബി.സി ആക്ടിൽ വകുപ്പ് 9 പ്രകാരം പുതിയ അപേക്ഷകളൊന്നും റിപ്പോർട്ട് വർഷം ലഭിച്ചിട്ടില്ല.

2008-2009 വർഷത്തിൽ തിരുവനന്തപുരത്തു കമ്മീഷന്റെ ഓഫീസിൽ വച്ച് 07.05.08, 13.05.08, 12.06.08, 16.07.08, 05.08.08, 25.08.08, 26.08.08, 02.09.08, 29.09.08, 16.10.08, 31.10.08, 13.11.08, 20.11.08, 04.12.08, 16.12.08, 02.01.09, 12.01.09, 28.01.09, 07.02.09, 18.02.09, 07.03.09 എന്നീ തീയതികളിലായി 21 സിറ്റിംഗുകളും, 25.07.08-ൽ കാസറഗോഡും 14.10.08-ൽ എറണാകുളത്തും, 29.11.08-ൽ കോഴിക്കോടും വച്ച് സിറ്റിംഗുകൾ നടത്തുകയുണ്ടായി. പ്രസ്തുത സിറ്റിംഗുകളിൽ കമ്മീഷനു ലഭിച്ച പരാതികളിൽ മേൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. റിപ്പോർട്ടു വർഷം 3 കേസുകളിന്മേലുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ശുപാർശ | സ്വീകരിച്ച നടപടി |
|---|---|
| 1. പണ്ടാരൻ വിഭാഗത്തെ ഒ.ബീ.സി-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം. (നം. 343/സി/07/കെ.എസ്.സി.ബി.സി തീയതി 04.02.09) | 1. കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി ( ജി. ഒ. (എം.എസ്) നം. 63/09/പജപവവിവ തീയതി 21.08.09) |
| 2. സച്ചാർ കമ്മീറ്റി റിപ്പോർട്ട് നടപ്പിലാ -ക്കുന്നത് സംബന്ധിച്ച് പാലൊളി മുഹമ്മദ് കമ്മിറ്റി റിപ്പോർട്ട്- (നം. 1011/സി/08/കെ.എസ്.സി.ബി.സി തീയതി 16.01.09) | 2. കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി ( ജി. ഒ. (എം.എസ്) നം. 64/09/ പജപവവിവ തീയതി 21.08.09) |
| 3. എസ്.ഐ.യു.സി നാടാർ/ ഹിന്ദു നാടാർ - (നം. 86/സി/07/കെ.എസ്.സി.ബീ.സി തീയതി 20.02.09) | 3. നടപടി ആയിട്ടില്ല, |

31.03.2009 വരെ തീരുമാനമാകാതെ കമ്മീഷനിൽ ശേഷിക്കുന്ന കേസുകളുടെ വിവരം അനുബന്ധം IV -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8) ജനറൽ

ഫീൽഡ് സ്റ്റഡി നടത്തുന്നതിനു് കോഴിക്കോട്ട് കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുള്ള ധാരാളം കേസുകളിൽ റിപ്പോർട്ടു് ലഭിക്കാത്തതിനാൽ ആ കേസുകൾ തീർപ്പു കല്പിക്കാൻ കമ്മീഷന് സാദ്ധ്യമാകുന്നില്ല.

പിന്നാക്ക വിഭാഗക്കാരുടെ ലിസ്റ്റ് 10 വർഷത്തിലൊരിക്കൽ പുതുക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിൽ നിക്ഷിപ്തമാണ്. അക്കാര്യത്തിൽ ആധികാരികമായ പിന്നാക്ക സമുദായക്കാരുടെ സമുദായം തിരിച്ചുള്ള ജനസംഖ്യാകണക്ക് കമ്മീഷന് ആവശ്യമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ സമുദായത്തിൽ ഉൾപ്പെട്ടവരുടെ സമഗ്രമായ സർവ്വെ നടത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്. അതു് നടത്തിക്കഴിഞ്ഞാൽ മേല്പറഞ്ഞ ചുമതല നിർവ്വഹിക്കുന്നതിനുള്ള ബൃഹത്തായ ജോലി കമ്മീഷൻ ഏറ്റെടുക്കുന്നതാണ്. സർവ്വെ നടത്തുന്നതു സംബന്ധിച്ച പ്രാഥമിക ജോലികൾ നടന്നു വരുന്നു.

രജിസ്ട്രാർ